(ഇ) ഇക്കാര്യത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കാൻ എന്ത് നടപടിയാണ് ബോർഡ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടില്ല. എങ്കിലും വൈദ്യുതി ഉപഭോക്താക്കളുടെ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) I.S.O. അംഗീകാരമുള്ള കമ്പനികളിൽ നിന്ന് I.S. മാർക്കുള്ള മീറ്ററുകൾ മാത്രമേ വൈദ്യുതി ബോർഡ് വാങ്ങുന്നുള്ളൂ. ഇങ്ങനെ വാങ്ങുന്ന മീറ്ററുകൾ വൈദ്യുതി ബോർഡിന്റെ കീഴിൽ തിരുവനന്തപുരം, പള്ളം, അങ്കമാലി, ഷൊർണ്ണൂർ, കണ്ണൂർ എന്നിവിടങ്ങളിലുള്ള മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളിൽ ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

(ഡി) 28,43,250 (ഇരുപത്തിയെട്ടുലക്ഷത്തി നാൽപത്തിമൂവായിരത്തി ഇരുനൂറ്റിയൻപത്) മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 19,09,646 (പത്തൊൻപത്‌ലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റി നാൽപത്തിയാറ്) എണ്ണം വിതരണം ചെയ്തിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ കീഴിലുള്ള മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളിൽ പരിശോധന കഴിഞ്ഞ് ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് മീറ്ററുകൾ സ്വീകരിച്ചിട്ടുള്ളത്.

(ഇ) പരാതിയുള്ള മീറ്ററുകൾ പരിശോധിച്ച് തകരാറുണ്ടെങ്കിൽ സൗജന്യമായി മാറ്റി സ്ഥാപിച്ചു നൽകുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് കേരള സർക്കാരിന്റെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികളിൽ സ്വന്തം ചെലവിൽ പരിശോധിക്കുവാനുള്ള സൗകര്യവും ഉണ്ട്. കൂടാതെ എല്ലാ സെക്ഷനുകളിലും ഇത്തരത്തിലുള്ള പരാതികൾ സ്വീകരിക്കുന്നതിനും ആയത് ഏഴ് ദിവസത്തിനകം പരിശോധിക്കുന്നതിനും തകരാറുള്ള മീറ്ററുകൾ ബോർഡ് ചെലവിൽ മാറ്റുന്നതിനും അധിക ബില്ലുകളെന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ ആയത് തുടർന്നു വരുന്ന മാസത്തിലെ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾ

*14 [14] ശ്രീ. എം. വി. ജയരാജൻ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. രാധാകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് കേന്ദ്രത്തിൽ അധികാരമേറ്റ പുതിയ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എന്തെങ്കിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര ബജറ്റിൽ കേരളത്തിനർഹതപ്പെട്ട പദ്ധതി സഹായം ലഭിക്കുന്നതിന് എന്തെല്ലാം മുൻ ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി സർവ്വകക്ഷിയോഗവും സംസ്ഥാനത്തെ എം. പി.-മാരുടെ യോഗവും വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) മുൻ കേന്ദ്ര സർക്കാരിന്റെ കാലത്ത് സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ അവ പരിഗണിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതിനുമായി പ്രധാനമന്ത്രിക്കും, ധനം, റെയിൽവേ, കൃഷി, ഊർജ്ജം, വ്യവസായ-വാണിജ്യം ഉൾപ്പെടെയുള്ള വകുപ്പുമന്ത്രിമാർക്കും വിശദമായ നിവേദനങ്ങൾ മുഖ്യമന്ത്രി സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്. †

(സി) കേന്ദ്ര പൊതു ബജറ്റിലും റെയിൽവേ ബജറ്റിലും കേരളത്തിനർഹമായ സഹായം ലഭിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പ്രധാനമന്ത്രിയേയും ധനകാര്യ-റെയിൽവേ മന്ത്രിമാരേയും നേരിട്ടു ധരിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാർക്ക് ഇക്കാര്യത്തിൽ വിശദമായ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിനു മുമ്പായി, 2-7-2004-ൽ എം.പി.-മാരുടെ യോഗം വിളിക്കുന്നുണ്ട്.

(ഇ) മുൻ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾ അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്. ‡

## ബോണ്ടഡ് ലേബർ സമ്പ്രദായത്തിൽപ്പെട്ട് കഷ്ടപ്പെടുന്നവരെ സ്വതന്ത്രരാക്കുവാൻ പരിപാടി

*15 [15] ശ്രീ. വി. ഡി. സതീശൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോണ്ടഡ് ലേബർ സമ്പ്രദായം നിലവിലുണ്ടോ;

---

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 1—(തുടർച്ച)

(6) വ്യക്തികൾക്കും അവരുടെ സ്വത്തിനും പരുക്ക്, നാശനഷ്ടം ഇവയുണ്ടാകുന്ന പക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ സർക്കാർ ഉടൻ തന്നെ അവർക്ക് തക്കതായ നഷ്ട പരിഹാരം നൽകേണ്ടതും, ഈ തുക ഇപ്രകാരം നാശനഷ്ടം വരുത്തിയവരിൽ നിന്നും ഹർത്താലിനോ, പൊതുപണിമുടക്കിനോ ആഹ്വാനം ചെയ്ത രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ ഇവരിൽനിന്നും ഈടാക്കേണ്ടതാണ്. നിയമ ലംഘകർക്കും അതിന് പ്രേരണ നൽകുന്നവർക്കും എതിരെ ക്രിമിനൽ കേസുകൾ എടുക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ കണ്ടു പിടിക്കാൻ സാധിച്ചില്ല എന്നൊരു റിപ്പോർട്ട് ഫയൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാകാത്ത വിധത്തിൽ കാര്യക്ഷമമായി മുൻപോട്ട് കൊണ്ടുപോകേണ്ടതും, രാഷ്ട്രീയ ഇടപെടലിന്റെ പേരിൽ പിൻവലിക്കാൻ പാടില്ലാത്തതും, നീതിപൂർവ്വമായ അന്വേഷണം നടത്തേണ്ടതുമാണ്.

(7) പൗരൻമാർക്ക് റോഡിൽകൂടി നിർഭയം സഞ്ചരിക്കുന്നതിനും, വാഹന ഗതാഗതം തടസ്സപ്പെടുത്താതെയും പൊതുഗതാഗതം സുഗമമാക്കുന്നതിനുള്ള സാഹചര്യം സർക്കാർ സൃഷ്ടിക്കേണ്ടതാണ്.

(8) പൊതുമുതലിനും സ്വകാര്യ സ്വത്തിനും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളും ഇത് വസൂലാക്കുന്നതിനും സ്വീകരിച്ച നടപടികളും സർക്കാർ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. നഷ്ടം ഈടാക്കുന്നതിന് 17-12-2003-ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

(9) ഹർത്താലിന്റെയും പൊതുപണിമുടക്കിന്റെയും പേരിൽ പൗരൻമാർക്ക് അവരുടെ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന വിധത്തിൽ ബലം പ്രയോഗിക്കുകയോ മറ്റുള്ളവരുടെ മേൽ സ്വന്തം ഇച്ഛ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നവരുടെ പേരിൽ തക്കതായ നടപടികൾ സ്വീകരിക്കാത്ത ജില്ലാ ഭരണകൂടത്തിനും, പോലീസ് അധികാരികൾക്കും എതിരെ സർക്കാർ തക്കതായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം 2

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *14 (14) ദയവായി കാണുക]

നടപ്പുവർഷം മുതൽ കേന്ദ്ര പദ്ധതി വിഹിതം ഗ്രാന്റായി നൽകുക, കേന്ദ്ര സഹായമായി നേരത്തെ അനുവദിച്ച വായ്പകൾ എഴുതിത്തള്ളുക, വിവിധ ധനകാര്യ ഏജൻസികളിൽ നിന്നും ഏതു വ്യവസ്ഥകൾക്കു വിധേയമായാണോ സഹായധനം കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്നത് അതേ വ്യവസ്ഥകളോടെ സംസ്ഥാന ഗവൺമെന്റിനും കൈമാറുക, പൊതുവിപണിയിൽ നിന്നും വായ്പ എടുക്കാൻ അനുവദിക്കുക, വായ്പകളുടെ പലിശ ഇളവുചെയ്യാൻ നബാർഡ്, എൽ.ഐ.സി. എന്നിവയ്ക്ക് നിർദ്ദേശം നൽകുക, ദേശീയ സമ്പാദ്യ മേഖലയിൽ നിന്നുള്ള വായ്പകളിൽ 50% എങ്കിലും എഴുതിത്തള്ളുക, സംസ്ഥാനത്തെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുക, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് അന്തിമാനുമതി ലഭ്യമാക്കുക,

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 2—(തുടർച്ച)

എൽ.എൻ.ജി. ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുക, കൊച്ചി റിഫൈനറിയിലെ ഉപ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുത പദ്ധതിയ്ക്ക് അംഗീകാരം നൽകുക, കപ്പലുകളുടെ അറ്റകുറ്റപ്പണിക്കായി കൊച്ചിൻ പോർട്ട്ട്രസ്റ്റ് വികസിപ്പിച്ചെടുത്ത പദ്ധതിയ്ക്ക് അംഗീകാരം നൽകുക, രാജ്യാന്തര ബങ്കറിംഗ് ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുക, കൃഷിക്കും അനുബന്ധമേഖലകൾക്കും സഹായം നൽകുക, നാളീകേരം, കശുവണ്ടി, കുരുമുളക്, തേയില, കാപ്പി, ഏലം, റബ്ബർ തുടങ്ങിയ വിളകളുടെ ആവർത്തന കൃഷിയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുക, കുരുമുളക്, നാളീകേരം, അടയ്ക്ക, കാപ്പി തുടങ്ങിയ വിളകൾക്കുകൂടി ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ നൽകുക, കേരളത്തിൽ കശുവണ്ടി ബോർഡ് സ്ഥാപിക്കുക, ഔഷധ സസ്യങ്ങൾക്കും സുഗന്ധ ദ്രവ്യങ്ങൾക്കുമായി ഒരു കയറ്റുമതി മേഖല സ്ഥാപിക്കുക, 500 കോടി രൂപ വകയിരുത്തിക്കൊണ്ട് നാളീകേര ടെക്നോളജി മിഷൻ വികസിപ്പിക്കുക, ദേശീയ പ്ലാന്റേഷൻ വികസന ബാങ്ക് സ്ഥാപിക്കുക, തേയിലയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള അധിക എക്സൈസ് ഡ്യൂട്ടി പിൻവലിക്കുക, ദുരിതാശ്വാസ നിധി സംബന്ധിച്ച ചട്ടങ്ങൾ പുനഃക്രമീകരിക്കുക, ദാരിദ്ര്യ നിർമ്മാർജ്ജനം സംബന്ധിച്ച് അഗതികൾക്കായി പ്രത്യേക പദ്ധതിയ്ക്ക് രൂപം കൊടുക്കുക, ദരിദ്ര കുടുംബങ്ങളെ കണ്ടെത്താനുള്ള മാർഗ്ഗരേഖ പരിഷ്ക്കരിക്കുക, പാവപ്പെട്ടവർക്കായി ദേശീയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തുടങ്ങുക, ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ആനുകൂല്യം ദുരിതമനുഭവിക്കുന്ന തോട്ടം തൊഴിലാളികൾക്കുകൂടി ബാധകമാക്കുക, ബീഡിത്തൊഴിലാളികൾക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നികുതിയില്ലാതെ മണ്ണെണ്ണ ഇറക്കുമതി ചെയ്യാൻ അനുമതി നൽകുക, കയർ, കൈത്തറി, കരകൗശല മേഖലകളെക്കൂടി ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായ നിധി രൂപീകരിക്കുക, കയർ, കൈത്തറി മേഖലകളിൽ 20% റിബേറ്റ് പുനഃസ്ഥാപിക്കുക, ദേശീയ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂരിൽ സ്ഥാപിക്കുക, സുവർണ്ണ ചതുഷ്കോണം പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി-തിരുവനന്തപുരം-കന്യാകുമാരി പാത വികസിപ്പിക്കുക, എൻ.എച്ച്. 17, എൻ.എച്ച്. 49 പാതകളുടെ നിലവാരം ഉയർത്തുക, കോവളത്ത് രാജ്യാന്തര കൺവെൻഷൻ സെന്റർ സ്ഥാപിക്കുക, കേരളത്തിൽ ഐ.ഐ.റ്റി., എ.ഐ.ഐ.എം.എസ്. എന്നിവ സ്ഥാപിക്കുക, പ്രത്യേക ടൂറിസം മേഖലയ്ക്ക് രൂപം കൊടുക്കുക, ബയോ ടെക്നോളജി പാർക്കുകൾക്ക് സഹായം നൽകുക, രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിനെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കുക, ഡെറാഡൂണിലെ ദേശീയ വന്യജീവി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപകേന്ദ്രം മൂന്നാറിൽ തുടങ്ങുക, കിലയെ പഞ്ചായത്ത്രാജിന്റെ മികവുള്ള ദേശീയ കേന്ദ്രമായി അംഗീകരിക്കുക, റെയിൽപ്പാത ഇരട്ടിപ്പിക്കാനും മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തിയാക്കാനും കൂടുതൽ വിഹിതം അനുവദിക്കുക, താനൂർ-ഗുരുവായൂർ, അങ്കമാലി-ശബരിമല; കോട്ടയം-എരുമേലി പാതകൾക്ക് 100 കോടി രൂപയെങ്കിലും അനുവദിക്കുക, സുരക്ഷിതമല്ലാത്ത റെയിൽ പാലങ്ങളുടെ നിർമ്മാണത്തിന് 100 കോടി രൂപ അനുവദിക്കുക, ടൂറിസം ട്രെയിൻ അനുവദിക്കുക, കൊല്ലം-വിരുതുനഗർ ഗേജ് മാറ്റത്തിന് അധിക തുക അനുവദിക്കുക, നഞ്ചൻകോട്-നിലമ്പൂർ പാതയ്ക്ക് അനുമതി നൽകുക, റെയിൽവേ മേൽപ്പാലങ്ങളുടേയും കീഴ്പ്പാലങ്ങളുടേയും നിർമ്മാണം ത്വരിതപ്പെടുത്തുക, ട്രാഫിക് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ വിഹിതം നിർദ്ദിഷ്ട ബഡ്ജറ്റിൽ ഉൾപ്പെടുത്തുക എന്നീ ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 2 (എ)

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *14 (14) ദയവായി കാണുക]

### മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സംസ്ഥാനം സമർപ്പിച്ചിരുന്ന പ്രധാന പ്രശ്നങ്ങൾ

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി വായ്പകൾ തിരിച്ചടയ്ക്കുന്നതിന് മോറോട്ടോറിയം നൽകുക, തിരിച്ചടവ് പുനഃക്രമീകരണത്തിന് അധിക പദ്ധതി സഹായം അനുവദിക്കുക, വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായവും, ഭക്ഷ്യധാന്യവും അനുവദിക്കുക, തേയില കൃഷിക്ക് റിസർവ് ബാങ്ക് വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്ത ആശ്വാസ നടപടികൾ നടപ്പിലാക്കുക, തേയിലയുടേയും കാപ്പിയുടേയും എക്സൈസ് തീരുവ എടുത്തുകളയുക, പുനർ കയറ്റുമതിക്കുള്ള തോട്ടവിള ഇറക്കുമതികൾ താൽക്കാലികമായി നിർത്തി വയ്ക്കുക, തേയില വിൽപ്പനക്കാര്യത്തിൽ ഫർഗൂസൻ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുക, സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം തുടരുക, ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷിപ്ത വനഭൂമി ലഭ്യമാക്കുക, ശബരിമലയിൽ തീർത്ഥാടകരുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് വനഭൂമി ലഭ്യമാക്കുക, റേഷനിംഗ് സമ്പ്രദായം നിലനിർത്തുക, എറണാകുളം-കോട്ടയം-കായംകുളം റെയിൽ പാതയുടേയും എറണാകുളം-ആലപ്പുഴ-കായംകുളം റെയിൽ പാതയുടേയും വികസനത്തിന് പ്രത്യേകം പരിഗണന നൽകുക, റയിൽവേ വൈദ്യുതീകരണം ത്വരിതപ്പെടുത്തുക, മംഗലാപുരം-ഷൊർണൂർ റെയിൽപാത വൈദ്യുതീകരിക്കുക, വല്ലാർപാടം അന്തർദ്ദേശീയ കണ്ടെയ്നർ ടെർമിനൽ പ്രോജക്ടിന്റെ പണി ഉടൻ ആരംഭിക്കുക, എൽ.എൻ.ജി. പെട്രോനെറ്റ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക, ദേശീയ ജലപാത ദീർഘിപ്പിക്കുക, നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താൻ അനുവാദം നൽകുക, കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം വിഷമതകൾ അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ നടപടി കൈക്കൊള്ളുക, ആറളം ഫാം സംസ്ഥാനത്തിന് കൈമാറുക, കോകനെട്ട് ടെക്നോളജി മിഷൻ അനുവദിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുക, കൊച്ചിയിൽ ടെക്നോളജി ഹാബിറ്റാറ്റ് സ്ഥാപിക്കുക, ഐ.ടി. രംഗത്ത് കേരളം സമർപ്പിച്ച പദ്ധതികൾക്ക് അനുവാദം നൽകുക, കേരളത്തിൽ ഒരു ഐ.ഐ.റ്റി. സ്ഥാപിക്കുക, കയറിനു മിനിമം എക്സ്പോർട്ട് പ്രൈസ് നിശ്ചയിക്കുക, പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജനയിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കുക, അഗ്രി എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ ആരംഭിക്കുന്നതിന് അനുമതി നൽകുക, ഇഫ്കോയുടെ സഹായത്തോടെ സഹകരണ മേഖലയിൽ ഫാക്ട് ഏറ്റെടുത്ത് നടത്തുക, കേരളത്തിന് മാത്രമായി ഒരു റെയിൽവേ സോൺ അനുവദിക്കുക, പമ്പാ ആക്ഷൻ പ്ലാൻ, നാഷണൽ ബാംബൂ മിഷൻ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക, കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം നൽകുക, പാമോയിലിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക, ഈസ്റ്റേൺ ഗ്രിഡിൽ നിന്നും അധിക വൈദ്യുതി അനുവദിക്കുക, കോഴിക്കോട്-മൈസൂർ 400 കെ.വി. ലൈൻ നിർമ്മിക്കുക, റെയിൽവേ മേൽപ്പാലങ്ങളുടെ പണി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക,

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 2 (എ)—(തുടർച്ച)

വിദേശത്ത് ജോലിയ്ക്കായി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള കേന്ദ്രം കേരളത്തിൽ ആരംഭിക്കുക, വിദേശത്ത് ജോലിയ്ക്കായി പോകുന്നവർ മടക്കയാത്രയ്ക്കുള്ള ടിക്കറ്റുകൂടി എടുക്കണമെന്ന വ്യവസ്ഥ ഉപേക്ഷിക്കുക, ഉത്സവ കാലങ്ങളിലും അവധിക്കാലങ്ങളിലും മറ്റും ഇടയ്ക്കിടെ വിമാന യാത്രാക്കൂലി വർദ്ധിപ്പിക്കുന്നത് ഒഴിവാക്കുക, ബഡ്ജറ്റ് എയർലൈൻ സർവ്വീസ് ആരംഭിക്കുക, കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേയ്ക്കും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുക, ഇരട്ട പൗരത്വം അനുവദിക്കുക, ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിക്കുക, വളരെ പ്രായം ചെന്ന പാക്കിസ്ഥാൻ പൗരൻമാരെ പാക്കിസ്ഥാനിലേയ്ക്ക് തിരിച്ചയക്കുന്നത് ഒഴിവാക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾ മുൻ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## അനുബന്ധം 3

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24 (24) ദയവായി കാണുക]

### Accounts for the Programme and as on 31st March 2004

| *Sl. No.* | *Head of Account* | *Nomanclature* | *Budget Provision (₹ in thousands)* | *Expenditure Incurred as on 31-3-2004 (₹)* |
|---|---|---|---|---|
| 1 | 2515-00-003-95 | Capacity Building in Finance Management for Local Self-Government and Relevant Community Organisations | 40,000 | Nil |
| 2 | 2515-00-101-23 | Implementation of Local Self-Government Action Plan | 730,000 | Nil |
| 3 | 2515-00-800-85 | Rehabilitation of LSG Water Schemes as Transitional Incentives under MGP | 250,000 | Nil |
| 4 | 2515-00-800-84 | Social Audit in LSGD under Modernising Government Programmes | 22,800 | Nil |
| 5 | 2515-00-800-83 | Introduction of Citizen's Charter in Local Self-Government under Modernising Government Programmes | 13,000 | Nil |
| 6 | 2515-00-800-82 | Service Delivery Improvement in Local Self-Government Department under Modernising Government Programmes | 50,000 | Nil |



LIBRARY ARCHIVES Kerala Legislative Assembly